# Malayala Manorama

# 27 August 2018

# Kakkanad, After Flood, Flood Victims, Relief Camps

# ദുരിതാശ്വാസ ക്യാംപുകളിൽ കഴിയുന്നത് 56492 പേർ

## ആളൊഴിഞ്ഞ ക്യാംപുകൾ ശുചീകരിക്കാൻ തദ്ദേശ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി

കാക്കനാട് ● വെള്ളപ്പൊക്ക ദുരിതബാധിതരിൽ ബഹുഭൂരിപക്ഷവും സ്വന്തം വീടുകളിലേക്കു മടങ്ങിയതോടെ ജില്ലയിൽ ക്യാംപുകളിൽ അവശേഷിക്കുന്നത് 56,492 പേർ. 111 ദുരിതാശ്വാസ ക്യാംപുകളാണു നിലവിൽ ജില്ലയിൽ പ്രവർത്തിക്കുന്നത്. 15,325 കുടുംബങ്ങളിലെ അംഗങ്ങളാണു ക്യാംപിൽ കഴിയുന്നത്.

970 ക്യാംപുകൾ പ്രവർത്തിച്ചിരുന്നിടത്ത് അവയുടെ എണ്ണം 111 ആയതോടെ ഉദ്യോഗസ്ഥരുടെ നെട്ടോട്ടം കുറഞ്ഞു. 859 ക്യാംപുകൾ അടച്ചു പൂട്ടി. ഓണാവധി കഴിഞ്ഞു സ്കൂളുകൾ തുറക്കുന്നതോടെ അവിടങ്ങളിലെ ക്യാംപുകൾ മറ്റിടങ്ങളിലേക്കു മാറ്റും. ഓഡിറ്റോറിയങ്ങൾ പോലുള്ള കേന്ദ്രങ്ങൾ ഇതിനായി കണ്ടെത്താൻ നിർദേശം നൽകിയിട്ടുണ്ട്.

താമസക്കാർ ഒഴിഞ്ഞുപോകുന്ന ക്യാംപുകളുടെ ശുചീകരണം അടിയന്തരമായി പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. സ്കൂളുകളുടെ ശുചീകരണത്തിനു പ്രാധാന്യം നൽകണം. മാലിന്യങ്ങൾ പൂർണമായി നീക്കണം. ശുചീകരണത്തിനു ശേഷം ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് സഹിതമാവണം സ്കൂളുകൾ കൈമാറേണ്ടത്.

തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കാണ് ഇതിന്റെ ഏകോപന ചുമതല. 29 ന് സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിലാണ് അവയുടെ ശുചീകരണത്തിനു ആദ്യ പരിഗണന നൽകുന്നത്. ക്യാംപുകളിൽ നിന്ന് വീട്ടിലേക്കു തിരിച്ചുപോകുന്നവർക്കു നിത്യോപയോഗ സാധനങ്ങൾ സൗജന്യമായി ലഭിക്കുന്നുണ്ടെന്നുറപ്പാക്കണം. ആരെയും ക്യാംപിൽ നിന്നു നിർബന്ധപൂർവം പറഞ്ഞുവിടില്ല. വീടുകൾ താമസ യോഗ്യമാണെന്നുറപ്പാക്കിയ ശേഷം മടങ്ങിയാൽ മതി.

തദ്ദേശസ്ഥാപനങ്ങളുടെയും വിവിധ ഏജൻസികളുടെയും നേതൃത്വത്തിൽ നടന്നുവരുന്ന ശുചീകരണ പ്രവർത്തനങ്ങളും ദുരിതാശ്വാസ ക്യാംപ് നടത്തിപ്പും കലക്ടർ മുഹമ്മദ് സഫിറുല്ലയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം അവലോകനം ചെയ്തു. റൂറൽ എസ്പി രാഹുൽ ആർ. നായർ, ആർഡിഒ എസ്. ഷാജഹാൻ, ഡപ്യൂട്ടി കലക്ടർ പി.ഡി. ഷീലദേവി, ശുചീകരണത്തിന്റെ ചുമതലയുള്ള നോഡൽ ഓഫീസർ ടിം പിൾ മാഗ, പഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.



തിരുവോണ ദിവസം എറണാകുളം മഹാരാജാസ് കോളജിലെ ദുരിതാശ്വാസ ക്യാംപിൽ നടന്ന കസേരകളിയിൽ നിന്ന്.